പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 353 — 25.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യിൽ പാഴ്സൽ സർവ്വീസ്

ചോദ്യം — ഉത്തരം

ശ്രീ. പുരുഷൻ കടലുണ്ടി :
" പി. കെ. ഗുരുദാസൻ :
" ബി. സത്യൻ :
" കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പാഴ്സൽ സർവ്വീസ് തുടങ്ങുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (എ) | കൊറിയർ സർവ്വീസ് തുടങ്ങുന്നതിന് ലൈസൻസിയെ തെരെഞ്ഞെടുക്കുന്നതിനായി 11.10.2007 ലും 12.10.2011 ലും ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ആദ്യത്തെ ടെണ്ടറിൽ പങ്കെടുക്കുന്നതിന് ആരും യോഗ്യത നേടിയില്ല. 12.10.2011 ന് നടന്ന ടെണ്ടർ നടപടികൾ പങ്കെടുത്ത ഒരേ ഒരു ടെണ്ടറുകാരന് കൊറിയർ സർവ്വീസ് നടത്തുതിനുള്ള ശേഷിയുള്ളതായി ബോധ്യപ്പെടുകയുണ്ടായില്ല. അതിനാൽ ടി നടപടിയും ക്യാൻസൽ ചെയ്യുകയുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതി തമിഴ്നാട്ടിൽ ആരംഭിച്ചത് വൻ ലാഭത്തിലാണെന്ന പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. പാഴ്സൽ സർവ്വീസ് ആരംഭിച്ചാൽ ഇപ്പോൾ സ്വകാര്യ കൊറിയറുകൾ അയക്കുന്നത് കെ.എസ്.ആർ.ടി.സി. പാഴ്സൽ സർവ്വീസിലേക്ക് മാറുകയും അതുമൂലം വൻ സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ കഴിയുമെന്നും സർക്കാർ കരുതുന്നുണ്ടോ ; | (സി) | സമ്പത്തിക നേട്ടം ഉണ്ടാക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് കൊറിയർ സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്താൻ തയ്യാറാകുമോ ? | (ഡി) | തയ്യാറാണ്. |

സെക്ഷൻ ഓഫീസർ